©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2017 ജൂൺ 20<br>20th June 2017<br>1192 മിഥുനം 6<br>6th Mithunam 1192<br>1939 ജ്യേഷ്ഠം 30<br>30th Jyaishta 1939 | നമ്പർ<br>No. 25 |

# PART III

# Police Department

പുനർ ലേല പരസ്യം

(1)

നമ്പർ ഇ1-6748/2013/റ്റി. 2017 ജൂൺ 5.

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ കാട്ടാക്കട പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന രണ്ട് ആഞ്ഞിലി മരങ്ങൾ പരസ്യമായി ലേലം ചെയ്ത് കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലദിവസം കൃത്യസമയത്ത് നേരിട്ട് ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരുമണിക്കൂർ മുൻപ് നിശ്ചിത നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ 27-6-2017-ാം തീയതി 4 മണിക്കു മുമ്പായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ കിട്ടത്തക്കവിധത്തിൽ നൽകാവുന്നതാണ്. ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം റൂറലിന്റെ പേരിൽ മാറാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ ലേലത്തിനുശേഷം പങ്കെടുത്തവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും യുക്തമെന്ന് തോന്നുന്നപക്ഷം ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിന് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

ഇപ്രകാരം ലേലം ഉറപ്പിച്ചുകിട്ടുന്നവർ ലേലം/ദർഘാസ് തുകയുടെ പകുതി നിശ്ചിത വിൽപ്പന നികുതിയും ചേർത്ത് (നിശ്ചിത നിരതദ്രവ്യം ഒഴികെ) ലേലസ്ഥലത്ത് വച്ചുതന്നെ അടയ്ക്കേണ്ടതും ബാക്കി തുക ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് കിട്ടുന്ന മുറയ്ക്ക് അടയ്ക്കേണ്ടതും ലേല തുകയോടൊപ്പം 14.5% വാറ്റും അപ്രകാരമുള്ള ആകെ തുകയുടെ 5% വനവികസന നികുതിയായി "406-01-102-96-00-00 FDT" എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 2/1001 ആയി ചെലാൻ മുഖാന്തിരം ഒടുക്കേണ്ടതാണ്. മരം സ്വന്തം ചെലവിൽ മുറിച്ച് മാറ്റേണ്ടതുമാണ്.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽകൂട്ടുന്നതും പുനർ ലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽനിന്നും ഈടാക്കുന്നതിനും മുൻതുകയേക്കാൾ കൂടുതൽ തുക കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. ലേലം കഴിഞ്ഞാലുടൻ ലേലത്തിൽ പങ്കെടുത്തവരുടെ നിരതദ്രവ്യം ലേലം കൊണ്ടയാളുടെ ഒഴികെ തിരിച്ചുനൽകുന്നതാണ്. മേൽപ്പറഞ്ഞ മരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ എ. സി. എ. ആർ.-ന്റെ അനുവാദത്തോടെ രാവിലെ 10-നും 5-നും ഇടയ്ക്ക് പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ

ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

ലേലത്തിന്റെ വിവരം

മരം—ആഞ്ഞിലി (2 എണ്ണം)

ലേലം വിളിക്കുന്ന സ്ഥലം—കാട്ടാക്കട പോലീസ് സ്റ്റേഷൻ.

നിരതദ്രവ്യം—` 1,137.

ലേലത്തീയതി—28-6-2017.

ലേല സമയം—11 മണി.

(2)

നമ്പർ ഇ1-6870/2013/റ്റി. 2017 ജൂൺ 5.

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ വെള്ളറട പോലീസ് സ്റ്റേഷൻ കാർട്ടേഴ്സ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന അക്കേഷ്യ മരങ്ങൾ പരസ്യമായി ലേലം ചെയ്തു കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലദിവസം കൃത്യസമയത്ത് നേരിട്ട് ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ 22-6-2017-ാം തീയതി 4 മണിക്ക് മുൻപായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം നൽകാവുന്നതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം റൂറലിന്റെ പേരിൽ മാറാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ ലേലത്തിനുശേഷം ലേലത്തിൽ പങ്കെടുത്തവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും യുക്തമെന്ന് തോന്നുന്നപക്ഷം ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിന് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

ലേലത്തിന്റെ വിവരം

മരം—അക്കേഷ്യ മരങ്ങൾ.

നിരതദ്രവ്യം—` 34,000.

ലേലം വിളിക്കുന്ന സ്ഥലം—വെള്ളറട പോലീസ് കാർട്ടേഴ്സ് കോമ്പൗണ്ട്.

ലേല തീയതിയും സമയവും—23-6-2017, 11 മണി.

ഇപ്രകാരം ലേലം ഉറപ്പിച്ചു കിട്ടുന്നവർ ലേലം/ദർഘാസ് തുകയുടെ പകുതി നിശ്ചിത വിൽപ്പന നികുതിയും ചേർത്ത് (നിശ്ചിത നിരതദ്രവ്യം ഒഴികെ) ലേലസ്ഥലത്ത് വച്ചു തന്നെ അടയ്ക്കേണ്ടതും ബാക്കി തുക ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് കിട്ടുന്ന മുറയ്ക്ക് അടയ്ക്കേണ്ടതും ലേല തുകയോടൊപ്പം 14.5% വാറ്റും അപ്രകാരമുള്ള ആകെ തുകയുടെ 5% വനവികസന നികുതിയായി "406-01-102-96-00-00 FDT" എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 2/1001 ആയി ചെല്ലാൻ മുഖാന്തിരം ഒടുക്കേണ്ടതാണ്. മരം സ്വന്തം ചെലവിൽ മുറിച്ച് മാറ്റേണ്ടതുമാണ്.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽകൂട്ടുന്നതും പുനർ ലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽനിന്നും ഈടാക്കുന്നതിനും മുൻ തുകയേക്കാൾ കൂടുതൽ തുക കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. ലേലം കഴിഞ്ഞാലുടൻ ലേലത്തിൽ പങ്കെടുത്തവരുടെ നിരതദ്രവ്യം ലേലം കൊണ്ടയാളുടെ ഒഴികെ തിരിച്ചു നൽകുന്നതാണ്. മേൽപറഞ്ഞ മരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ എ. സി. എ. ആറിന്റെ അനുവാദത്തോടെ രാവിലെ 10-നും 5-നും ഇടയ്ക്ക് പരിശോധിക്കാവുന്നതാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെ ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

District Police Office,
Thiruvananthapuram Rural.
sptvmrl.pol@kerala.gov.in.
0471-2302296

P. ASOK KUMAR I.P.S.,
*District Police Chief.*

ലേല പരസ്യം

നമ്പർ ഇ2-4663/2016/കെ.ഇ.പി.എ. 2017 മേയ് 24.

തൃശ്ശൂർ കേരള പോലീസ് അക്കാഡമി ഡയറക്ടറുടെ അധീനതയിൽ ഉള്ളതും കേരള പോലീസ് അക്കാഡമിയിലെ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് വകുപ്പിൽ ഇപ്പോൾ ഉപയോഗമില്ലാത്തതുമായ താഴെ പറയുന്ന വാഹനങ്ങൾ 5-7-2017-ാം തീയതി പകൽ 11 മണിക്ക് തൃശ്ശൂർ കേരള പോലീസ് അക്കാഡമിയിലെ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽവെച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം ` |
|---|---|---|---|---|
| 1 | KL-01-AD-4925 | JCB | 2004 | 2,500 |
| 2 | KL-01-P-7317 | Jeep | 1998 | 850 |
| 3 | KL-01-AM-7907 | Ambassador Car | 2006 | 500 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് തന്നെ മേൽപ്പറഞ്ഞ നിരക്കിലുള്ള നിരതദ്രവ്യം ലേല സ്ഥലത്തുവച്ച് അടച്ച് രസീത് വാങ്ങിയിരിക്കേണ്ടതും കൃത്യസമയത്ത് ലേല സ്ഥലത്ത് ഹാജരായിരിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ ലേലത്തിന് മുദ്രവെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ കേരള പോലീസ് അക്കാഡമി ഡയറക്ടറുടെ കാര്യാലയത്തിൽ 4-7-2017-ാം തീയതി 4 മണിക്ക് മുൻപായി

ലഭിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും ഡയറക്ടർ, കേരള പോലീസ് അക്കാഡമിയുടെ പേരിലെടുത്ത ഡിമാൻഡ് ഡ്രാഫ്റ്റ് അല്ലെങ്കിൽ നിരതദ്രവ്യം അടച്ച രസീത് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിനു മുകളിൽ "വാഹന ലേലത്തിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിന് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം/ദർഘാസ് നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. ലേലത്തിനെടുത്തയാൾ ഉടൻ തന്നെ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ (നിരതദ്രവ്യം കഴിച്ച്) ലേലസ്ഥലത്തുവച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമുള്ള നികുതിയും അടച്ച് സ്വന്തം ചെലവിൽ ലേലവസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും സാധനങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽനിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതുമല്ല.

മേൽപ്പറഞ്ഞ വാഹനം ലേലത്തീയതിക്ക് മുൻപുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണിവരെ ഏതെങ്കിലും സമയത്ത് കേരള പോലീസ് അക്കാഡമിയിലെ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവെയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടി റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം കേരള പോലീസ് അക്കാഡമി ഡയറക്ടറിൽ നിക്ഷിപ്തമാണ്.

കേരള പോലീസ്
അക്കാഡമി, തൃശ്ശൂർ.
dirkepa.pol@kerala.gov.in.
0487-2328770

കെ. പത്മകുമാർ ഐ.പി.എസ്.,
അഡീഷണൽ ഡയറക്ടർ
ജനറൽ ഓഫ് പോലീസ്.